# File No.LSGD-FM2/232/2019-LSGD

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - സി എച്ച് എം എം ഹയർസെക്കൻഡറി സ്കൂളിൽവച്ച് നടത്തിയ അരീക്കോട് ഉപജില്ലാകലോത്സവത്തിന് സമീപത്തെ പഞ്ചായത്തുകളുടെ തനത് ഫണ്ടിൽ നിന്നും തുക നൽകുന്നതിനുള്ള യഥേഷ്ടാനുമതി നൽകി --ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

**സ.ഉ.(സാധാ) നം.46/2020/ത.സ്വ.ഭ.വ** തിരുവനന്തപുരം, തീയതി, **04/01/2020**

പരാമർശം:-1. കലോത്സവ ജനറൽ കൺവീനർ സമർപ്പിച്ച അപേക്ഷ

2.ശ്രീ. പി കെ ബഷീർ എം എൽ എ യുടെ 28.10.2019 ലെ കത്ത്

**<u>ഉത്തരവ്</u>**

അരീക്കോട് സി എച്ച് എം എം ഹയർസെക്കൻഡറി സ്കൂളിൽ വെച്ച് 2019 നവംബർ മാസം 2, 4, 5 തീയതികളിൽ നടത്തിയ അരീക്കോട് ഉപജില്ല കലോത്സവ പരിപാടിക്ക് സമീപത്തെ പഞ്ചായത്തുകളായ അരീക്കോട്, ഊർങ്ങാട്ടിരി, കീഴുപറമ്പ്, കാവനൂർ, എടവണ്ണ എന്നീ ഗ്രാമപഞ്ചായത്തുകളിൽ നിന്നും, അരീക്കോട് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും, ഫണ്ട് അനുവദിക്കണമെന്ന് കലോത്സവ ജനറൽ കൺവീനർ പരാമർശം 1 പ്രകാരം സമർപ്പിച്ച അപേക്ഷ, പി കെ ബഷീർ എം എൽ എ പരാമർശം (2) പ്രകാരം ശുപാർശ ചെയ്ത് സമർപ്പിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അരീക്കോട് സി എച്ച് എം എം ഹയർസെക്കൻഡറി സ്കൂളിൽ വെച്ച് 2019 നവംബർ മാസം 2,4,5 തീയതികളിൽ നടത്തിയ അരീക്കോട് ഉപജില്ല കലോത്സവ പരിപാടിക്ക് സമീപത്തെ പഞ്ചായത്തുകളായ അരീക്കോട്, ഊർങ്ങാട്ടിരി, കീഴുപറമ്പ്, കാവനൂർ, എടവണ്ണ എന്നീ ഗ്രാമപഞ്ചായത്തുകളിൽ നിന്നും അരീക്കോട് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 25,000/-രൂപ (ഇരുപത്തി അയ്യായിരം രൂപ )വീതം, അതാത് തദ്ദേശ സ്ഥാപനങ്ങളുടെ കമ്മിറ്റി തീരുമാനത്തിന് വിധേയമായി, തനത് ഫണ്ടിൽ നിന്നും നൽകുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**ബീനമോൾ കെ ജെ**

**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ (പകർപ്പ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം മുഖേന)

ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് (പകർപ്പ് ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം മുഖേന)

# File No.LSGD-FM2/232/2019-LSGD

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Ramola.

സെക്ഷൻ ഓഫീസർ